**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 433** **15-03-2023 - ൽ മറുപടിയ്ക്ക്**

**പാലുല്പാദന മേഖലയിലെ ചെലവ് കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാലുല്പാദന മേഖലയിൽ ചെലവ് വളരെ കൂടുതലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കാലികളുടെ തീറ്റച്ചെലവ് കൂടുന്നതിനനുസരിച്ച് ഉത്പ്പാദന ചെലവ് കൂടുന്നുണ്ട്. തീറ്റ ചെലവ് കുറയ്ക്കുന്നതുവഴി ഉത്പ്പാദനച്ചെലവ് കുറയ്ക്കാൻ കഴിയും. തീറ്റപ്പുൽ,വൈക്കോൽ എന്നിവ യുടെ ദൗർലഭ്യം നിലനൽക്കുന്നതിനാൽ ക്ഷീരകർഷകർ കാലിത്തീറ്റയെയാണ് ആശ്രയിക്കുന്നത്. എന്നാൽ കാലിത്തീറ്റയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം തന്നെ ഉത്പ്പാദിപ്പിക്കുന്നത് അയൽ സംസ്ഥാനങ്ങളിലാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമാകുന്ന അസംസ്കൃതവസ്തുക്കളുടെ വിലക്കയറ്റത്തിനാനുപാതികമായാണ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുന്നത്. കൂടാതെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് തൊഴിലാളികളുടെ വേതനവും കേരളത്തിൽ കൂടുതലാണ്. പാലുല്പാദന ചെലവു വർധിക്കുന്നതിന്റെ മറ്റൊരു പ്രധാന ഘടകം കാലികളുടെ ചികിത്സ ചെലവാണ് . തൊഴിലാളികളുടെ ദൗർലഭ്യം, ഇന്ധനവിലയിലുണ്ടായ വ്യതിയാനം മൂലം ട്രാൻസ്പോർട്ടേഷൻ ചാർജ്ജിലുണ്ടായ വർദ്ധനവ്, വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവ് എന്നിവയും ക്ഷീരമേഖലയിലെ ഉത്പ്പാദനചെലവ് കൂടുന്നതിന് കാരണമാകുന്നു.<br><br>ഗുണമേന്മയുള്ള കാലിത്തീറ്റകൾ, മറ്റ് ബദൽ തീറ്റ വസ്തുക്കൾ എന്നിവ പരമാവധി വിലകുറച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് മിൽമയും മേഖലായൂണിയനുകളും പ്രത്യേകം ശ്രദ്ധ പുലർത്തുന്നുണ്ട്. ഇതോടൊപ്പം തന്നെ ഉൽപ്പാദനോപാദികളും ക്ഷീരവൃത്തിക്കാവശ്യമായ സംവിധാനങ്ങളും സബ്സിഡി നിരക്കിൽ കർഷകർക്ക് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി ഉയർന്ന ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിന് മിൽമയുടെ മേഖലാ യൂണിയനുകൾ ശ്രമിക്കുന്നുണ്ട്. |
| (ബി) | പാലുല്പാദനച്ചെലവുകളിൽ പ്രധാനപ്പെട്ടത് പണിക്കൂലിയായതിനാൽ ഇത് കുറയ്ക്കുന്നതിന് വാണിജ്യാധിഷ്ഠിത ഫാമുകൾ പിന്തുടരുന്ന സാങ്കേതിക വിദ്യയിലൂന്നിയുള്ള നടത്തിപ്പ് ചെറുകിട മേഖലയിലും പ്രോത്സാഹിപ്പിക്കാൻ പദ്ധതി തയ്യാറാക്കുമോ; അറിയിക്കുമോ; | (ബി) | ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവത്ക്കരണത്തിനും ആധുനികവത്ക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനു പുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും, കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകി വരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. |
| (സി) | ചെലവേറിയ കാലിത്തീറ്റയിൽ നിന്നും പാശ്ചാത്യ രാജ്യങ്ങളും നമ്മുടെ അയൽ സംസ്ഥാനങ്ങളും പിന്തുടരുന്ന നാര് അധിഷ്ഠിത സമ്പൂർണ്ണ മിശ്രിത തീറ്റയിലേക്ക് കർഷകരെ മാറ്റുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ; | (സി) | ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി സർക്കാർ ധനസഹായത്തോട് കൂടി ടി എം ആർ, പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, എന്നിവ നൽകുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.<br><br>മിൽമയുടെ മലബാർ മേഖലാ യൂണിയന്റെ സഹോദര സ്ഥാപനമായ എം.ആർ.ഡി.എഫ്., ടി.എം.ആർ. തീറ്റ ഉൽപ്പാദിപ്പിച്ച് സംഘങ്ങൾക്ക് നൽകി വരുന്നുണ്ട്.<br><br>കേരള ഫീഡ്സ് ലിമിറ്റഡ് ഉത്പാദിപ്പിക്കുന്ന സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ട (T.M.R) നാര് അധിഷ്ഠിത സമ്പൂർണസമീകൃത കാലിത്തീറ്റയാണ്. കേരളത്തിലെ കന്നുകാലി വളർത്തലിൽ തീറ്റയ്ക്കാവശ്യമായ പരുഷാഹാരം കുറവാണ്. ഇതിനു പരിഹാരമായി നൽകാവുന്ന ഒരു തീറ്റ വസ്തുവാണ് സൈലേജ്. സൈലേജ് നൽകുന്നതിലൂടെ പശുവിന് പാലുല്പാദനം, ആരോഗ്യം, തീറ്റയിലെ നാരിന്റെ ലഭ്യത എന്നിവ മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നു. കേരളത്തിൽ നിലവിൽ സൈലേജിന്റെ ലഭ്യത കുറവുണ്ട്. ഇതു പരിഹരിക്കുന്നതിനായി അന്യ സംസ്ഥാനങ്ങളിൽ നിന്നും സൈലേജ് സംഭരിക്കുകയും അവ കേരളത്തിൽ വിതരണം ചെയ്യുവാനുള്ള നടപടികൾ കേരള ഫീഡ്സ് സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനായുള്ള സ്ഥല ലഭ്യതക്കുറവ് സൃഷ്ടിക്കുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | ക്ഷീര കർഷകർക്ക് തങ്ങളുടെ കാലികൾക്ക് നൽകുന്നതിന് ഏറ്റവും ആവശ്യമായ തീറ്റ വസ്തുവാണ് പച്ചപ്പുല്ല്. സ്ഥല പരിമിതി മൂലം തീറ്റപ്പുൽകൃഷി വ്യാപകമായി നടത്തുവാൻ കേരളത്തിൽ ബുദ്ധിമുട്ടാണ്. എന്നിരിക്കിലും സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.<br><br>മിൽമയുടെ മേഖലാ യൂണിയനുകൾ വഴി, നല്ലയിനം പച്ചപ്പുല്ല് കൃഷി ചെയ്യുന്നതിന് കഴിവുള്ള സംരംഭകരെ വളർത്തി എടുക്കുതിനും അവരിൽ നിന്നും തീറ്റപ്പുല്ല് സംഭരിച്ച് കർഷകർക്ക് ആവശ്യാനുസരണം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുമുള്ള ചില നടപടികൾ മിൽമ നടപ്പിലാക്കുന്നുണ്ട്. |
| (ഇ) | ക്ഷീര മേഖലയിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | നിലവിൽ ക്ഷീര മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി തദ്ദേശ സ്വയംഭരണവകുപ്പ് മുഖേന, ക്ഷീര മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തെ ഒട്ടുമിക്ക പഞ്ചായത്തുകളിലും നടപ്പിലാക്കി വരുന്നുണ്ട് . തീറ്റപ്പുൽകൃഷി, തൊഴുത്ത് നിർമ്മാണം, അസോള ടാങ്ക് നിർമ്മാണം എന്നീ പദ്ധതികളാണ് നിലവിൽ ഇത്തരത്തിൽ ചെയ്തു വരുന്നത് .<br><br>ക്ഷീര കർഷകരെ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളാക്കി ഉത്തരവായിട്ടുണ്ട്. ഇതു പ്രകാരം ഇത് പ്രകാരം സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗത്തിപ്പെട്ടതും രണ്ടോ അതിലധികമോ കറവയുള്ള പശുക്കളെ വളർത്തി പരിപാലിച്ചു പോരുന്നതുമായ ക്ഷീര കർഷകർക്ക് പശുപരിപാലനത്തിന് ചുവടെ ചേർക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ 10 ലിറ്ററിൽ കുറായതെയുള്ള പാൽ ക്ഷീരസഹകരണ സംഘത്തിന് നൽകിയ ദിവസങ്ങളിൽ മാത്രം ഒരു ദിവസത്തെ വേതനം (നിലവിൽ 311/- രൂപ) അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദിച്ചു നൽകുന്നുണ്ട്.<br><br>1. അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വേതനം നൽകുന്ന ദിവസങ്ങളിൽ |

| | | | |
|---|---|---|---|
| | | | പശുക്കളെ വളർത്തുന്നു എന്ന വെറ്റിനറി സർജ്ജന്റെ സാക്ഷ്യപത്രം<br><br>2. പശുക്കളുടെ ഇൻഷൂറൻസ് സർട്ടിഫിക്കറ്റ്<br><br>3. ക്ഷീര കർഷക സഹകരണ സംഘത്തിന്റെ പാസ് ബുക്ക്<br><br>പരമാവധി 100 ദിവസത്തെ വേതനമാണ് ഇപ്രകാരം ഒരു കുടുബത്തിന് അനുവദിച്ചു നൽകുന്നത്. നിലവിൽ 5334 ക്ഷീരകർഷകർ ഈ പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യങ്ങൾ കൈപ്പറ്റി വരുന്നു. |

സെക്ഷൻ ഓഫീസർ